LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചു വരുന്ന പ്രവാസികളുടെ ക്ഷേമം

79 (2712) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവരുന്ന പ്രവാസികളുടെ ഉന്നമനത്തിനും ക്ഷേമത്തിനും ആയി ഒരു പരിശീലന പരിപാടി സംഘടിപ്പിക്കുമെന്ന 2014-15 -ലെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കിയോ ; വിശദമാക്കുമോ ;

(ബി) ഇതിനായി നീക്കിവെച്ച തുക എത്ര ചെലവഴിച്ച തുക എത്ര ; വിശദ മാക്കുമോ ?

ഉത്തരം

(എ) വിദേശത്ത് തൊഴിൽ തേടുന്ന മലയാളികളുടെ നൈപുണ്യ വികസനം ലക്ഷ്യമിട്ട് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് സ്കിൽ അപ്ഗ്രഡേഷൻ ആന്റ് റീ-ഇന്റഗ്രേഷൻ പ്രോഗ്രാം. ഈ പദ്ധതിയുടെ നടത്തിപ്പിൽ മതിയായ യോഗ്യതയുള്ള തിരികെയെത്തിയ പ്രവാസികളുടെ വിവരം ശേഖരിച്ച് മാസ്റ്റർ ട്രെയിനർമാരായി നിയമിക്കുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതിക്കായി 2014-15-ലെ ബഡ്ജറ്റിൽ 2 കോടിരൂപ വകയിരു ത്തിയിരുന്നു. 2014-15 സാമ്പത്തിക വർഷത്തിൽ തെരഞ്ഞെടുത്ത 49 സ്ഥാപനങ്ങൾ മുഖേന 1800 പേർക്ക് വിവിധ തരത്തിലുള്ള 86 കോഴ്സുകൾ നടത്തി. കോഴ്സ് ഫീ ഇനത്തിൽ 1,13,00,445 രൂപയും പരസ്യയിനത്തിൽ 6,45,992 രൂപയും ഉൾപ്പെടെ ആകെ 1,19,46,437 രൂപയും ചെലവായിട്ടുണ്ട്.

നോർക്ക മുഖേനയുള്ള ധനസഹായം

80 (2713) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശത്ത് ജോലി ചെയ്യുമ്പോൾ മരണപ്പെടുകയോ പരിക്ക് പറ്റുകയോ ചെയ്യുന്നവർക്ക് നോർക്ക എന്തെല്ലാം ധനസഹായങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) വിദേശത്ത് ജോലി ചെയ്യുന്നതിനിടയിൽ മരണപ്പെട്ടാൽ മൃതദേഹം നാട്ടിലെത്തിക്കുന്നതിന് ഏതെല്ലാം തരത്തിലുള്ള സഹായമാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നോർക്കയുടെ വിവിധ പദ്ധതികൾ മുഖേന മലപ്പുറം ജില്ലയിൽ എത്ര പേർക്ക് ധനസഹായം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിദേശത്ത് ജോലി ചെയ്യുമ്പോൾ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് നിബന്ധനകൾക്ക് വിധേയമായി സാന്ത്വന പദ്ധതിപ്രകാരം മരണാനന്തര ധനസഹായമായി പരമാവധി ഒരു ലക്ഷം രൂപയും ചികിൽസാ ധനസഹായമായി പരമാവധി 50,000 രൂപയും ധനസഹായമായി നൽകുന്നുണ്ട്. എൻ.ആർ.കെ. ഐ.ഡി. കാർഡ്/പ്രവാസി ഐ.ഡി. കാർഡ് നേടിയ പ്രവാസി മലയാളികൾക്ക് (വിദേശം) അപകടമരണം/സ്ഥിരമായ/പൂർണ്ണമായ/ഭാഗീകമായ വൈകല്യം എന്നിവയ്ക്ക് രണ്ടുലക്ഷം (പരമാവധി) രൂപവരെയും ഇൻഷ്വറൻസ് ആനുകൂല്യവും നൽകുന്നുണ്ട്. കൂടാതെ എൻ.ആർ.കെ. ഇൻഷ്വറൻസ് കാർഡുള്ള വ്യക്തികൾ (മറ്റ് സംസ്ഥാനങ്ങളിലെ പ്രവാസി മലയാളികൾ) അപകടമരണം, സ്ഥിരം/പൂർണ്ണ വൈകല്യം എന്നിവ സംഭവിച്ചാൽ രണ്ടുലക്ഷം (പരമാവധി) രൂപവരെയും ഭാഗികമായ അംഗവൈകല്യത്തിന് ഒരു ലക്ഷം രൂപവരെയും ഇൻഷ്വറൻസ് ആനുകൂല്യവും നൽകുന്നുണ്ട്. വിദേശത്ത് മരണപ്പെടുന്ന പ്രവാസികളുടെ ഭൗതികശരീരം നാട്ടിലെത്തിക്കുന്നതിന് സ്പോൺസറോ ഇന്ത്യൻ എംബസിയോ ചെലവ് വഹിച്ചിട്ടില്ലെങ്കിൽ കാരുണ്യം പദ്ധതിയിൽ 50,000 രൂപ ധനസഹായം നൽകുന്നുണ്ട്. മറ്റ് സംസ്ഥാനങ്ങളിലുള്ള പ്രവാസി മലയാളികൾക്ക് ഈ പദ്ധതി പ്രകാരം 15,000 രൂപയാണ് ഇപ്രകാരം അനുവദിക്കുന്നത്.

(ബി) വിദേശരാജ്യങ്ങളിൽവച്ച് മരണമടയുന്നവരുടെ മൃതദേഹങ്ങൾ സ്വദേശത്തേക്ക് എത്തിക്കുന്നതിനായി ബന്ധപ്പെട്ട എംബസിയുടെയും സാമൂഹ്യ സന്നദ്ധ പ്രവർത്തകരുടെയും സംഘടനകളുടെയും സഹകരണത്തോടെ എത്രയും വേഗം ഭൗതികശരീരം നാട്ടിലെത്തിക്കുന്നതിന് നോർക്ക വകുപ്പ് മുൻകൈയ്യെടുത്ത് നടപടി സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നോർക്കയുടെ വിവിധ പദ്ധതികൾ പ്രകാരം മലപ്പുറം ജില്ലയിൽ ആനുകൂല്യം ലഭിച്ചവരുടെ എണ്ണം ചുവടെ ചേർക്കുന്നു :

പദ്ധതി	എണ്ണം
NDPREM	59
സാന്ത്വന	888
ചെയർമാൻ ഫണ്ട്	74
കാരുണ്യം	7
എൻ.ആർ.കെ.ഐ.ഡി കാർഡിലൂടെ ആനുകൂല്യം ലഭിച്ചവർ	8

സ്വകാര്യ ഏജൻസികൾ വഴിയുള്ള വിസ

81 (2714) ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ ഏജൻസികൾ വഴിയുള്ള വിസയ്ക്ക് നിരോധനം ഏർപ്പെടുത്താൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഈ തീരുമാനം വന്നതോടെ സ്വകാര്യ ഏജൻസികൾ വഴി വിസ ലഭിച്ച വരുടെ വിദേശയാത്ര മുടങ്ങിയതുമൂലം അവർ അനുഭവിക്കുന്ന ദുരിതങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(സി) പുതിയ തീരുമാനങ്ങൾ പ്രകാരം വിദേശ രാജ്യങ്ങളിലേക്ക് ഇനിമുതലുള്ള റിക്രൂട്ട്മെന്റ് സംബന്ധിച്ച് വരുത്തിയിട്ടുള്ള പരിഷ്കാരങ്ങൾ എന്തൊക്കെയാണെന്ന് അറിയാമോ ?

ഉത്തരം

(എ) സ്വകാര്യ ഏജൻസികൾവഴി നഴ്സിംഗ് ജോലിക്കുള്ള വിസയ്ക്ക് മാത്രമാണ് കേന്ദ്ര സർക്കാർ നിരോധനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly